ഹരിജനോദ്ധാരണം

*ചോദ്യം. (വ്യ) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

പിന്നോക്കസമുദായ ഡിപ്പാർട്ട്മെണ്ടിന്റെ ശുപാർശയോടുകൂടി നായർ സമുദായത്തിൽപ്പെട്ട ഒരാളെ സോഷ്യൽ സർവ്വീസ് സ്റ്റഡീസിനു് അയച്ചതു് ആരുടെ ആവശ്യമായിരുന്നു?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): അങ്ങിനെ ഒരാളെ സോഷ്യൽ സർവ്വീസു സ്റ്റഡീസിനു് അയച്ചിട്ടില്ല. എന്നാൽ പ്രസ്തുത ഡിപ്പാർട്ട്മെണ്ടിലെ ഒരു ഫീൽഡാഫീസറായ ശ്രീ. സി. എൻ. പരമേശ്വരൻപിള്ള അവകാശ അവധി വാങ്ങിക്കൊണ്ടു് സ്വന്തം ചിലവിൽ ഡൽഹി സ്കൂൾ ഓഫ് സോഷ്യൽ വർക്കിൽ പരിശീലനം നടത്തിവരുന്നുണ്ടു്.

Question posted for Answer on 6th November 1950

പ്രൈമറി സ്കൂൾ

*ചോദ്യം. (ങ്ങ) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാമ്പാറ പ്രൈമറി സ്കൂൾ കെട്ടിടം വളരെ അപകടകരമായ നിലയിലാണെന്നു ഗവൺമെണ്ടിനറിയാമൊ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അറിയാം. സ്കൂൾ വേറൊരു കെട്ടിടത്തിലേക്കു മാറ്റുന്ന കാര്യം ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കയാണു്.

Questions posted for Answer on 7th November 1950

പിന്നോക്കസമുദായ ബി. എൽ. ബിരുദധാരികൾ

*ചോദ്യം. (ങ്ങ) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) അധഃകൃതരിൽനിന്നും (പിന്നോക്കസമുദായത്തിൽനിന്നു) നിയമപഠനം കഴിഞ്ഞുനിൽക്കുന്ന എത്രപേർക്കു ഗവൺമെണ്ടു് ഇനി ഉദ്യോഗം കൊടുക്കാനുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) കൊടുത്തിട്ടുള്ളവർ ഏതെല്ലാം തസ്തികയിൽ ഇരിക്കുന്നു എന്നു് പറയുമോ;

(സി) ഹരിജനങ്ങളെയെല്ലാം എക്സിക്യൂട്ടീവ് പോസ്റ്റുകളിലും നിയമിക്കുന്നതാണെന്ന ഗവൺമെണ്ടു തീരുമാനത്തെ ആദരിച്ചു് ഏതെല്ലാം തസ്തികകളിൽ നിയമിച്ചിട്ടുണ്ടെന്നു പറയുമോ?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവുംവകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ & ബി) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു് വേണ്ടിവരുന്ന സമയവും ക്ലേശവും അതിനാൽ ഉണ്ടാകാവുന്ന പ്രയോജനത്തിനു തീരെ അനുയോജ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly